ഹരിതകേരളം മിഷൻ
കേരള സർക്കാർ

04.09.2021

# പത്രക്കുറിപ്പ്

## നവകേരളം കോർഡിനേറ്ററായി ഡോ. ടി.എൻ. സീമ ചുമതലയേറ്റു

നവകേരളം മിഷൻ-2 ന്റെ കോർഡിനേറ്ററായി നിയമിതയായ ഡോ. ടി.എൻ. സീമ ചുമതലയേറ്റു. മിഷൻ ആസ്ഥാനമായി സർക്കാർ നിശ്ചയിച്ച ഹരിതകേരളം മിഷൻ സംസ്ഥാന ഓഫീസിലെത്തിയാണ് ചുമതലയേറ്റത്. മിഷൻ ടീം അംഗങ്ങൾ പുസ്തകങ്ങളും പൂക്കളും നൽകിയാണ് കോർഡിനേറ്ററെ വരവേറ്റത്. കഴിഞ്ഞ ഫെബ്രുവരിയിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ സ്ഥാനമൊഴിഞ്ഞതിനുശേഷം പുതുതായി രൂപീകരിച്ച നവകേരളം മിഷൻ-2 ന്റെ കോർഡിനേറ്ററായി ഡോ. ടി.എൻ. സീമയെ നിയമിക്കുകയായിരുന്നു. ഹരിതകേരളം മിഷൻ, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, റീബിൽഡ് കേരള എന്നിവ ഉൾപ്പെടുത്തിയാണ് നവകേരളം മിഷൻ-2 രൂപീകരിച്ചത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9895882812**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in